(ബി) ഉണ്ടെങ്കിൽ ഏതു വിദ്യാർത്ഥി സംഘടനയാണ് ആവശ്യപ്പെട്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉണ്ട്. +2 വിദ്യാഭ്യാസം യൂണിവേഴ്സിറ്റി തലത്തിൽനിന്നും മാറ്റി ഒരു പ്രത്യേക സംവിധാനത്തിൻകീഴിൽ കൊണ്ടുവരണമെന്നുള്ള എം.പി. മേനോൻകമ്മീഷന്റെ ശുപാർശ, മറ്റ് ശുപാർശകളോടൊപ്പം നടപ്പിലാക്കണമെന്ന് എല്ലാ വിദ്യാർത്ഥി സംഘടനകളും ആവശ്യപ്പെട്ടിരുന്നു. അതുപോലെതന്നെ പല വിദ്യാർത്ഥി സംഘടനകളും അവരുടെ അവകാശ പത്രികയിൽ ഈ കാര്യം മാത്രം പ്രത്യേകം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രീഡിഗ്രി പരീക്ഷാഫലം

156 [169] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ താമസിക്കുന്നതിന്റെ കാരണമെന്താണ്?

ഉത്തരം

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം ജൂൺ 23–ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള, കോഴിക്കോട് സർവ്വകലാശാലകൾ ഏതാനും ദിവസങ്ങൾക്കകം പരീക്ഷാഫലം പ്രസിദ്ധപ്പെടുത്താൻ വേണ്ട നടപടി എടുത്തിട്ടുണ്ട്.

പുതിയ വിദ്യാഭ്യാസ നയം

157 [170] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന്റെ പുതിയ വിദ്യാഭ്യാസ നയം പൂർണ്ണമായും സംസ്ഥാനത്തു നടപ്പിലാക്കുമോ;

(ബി) ഇല്ലെങ്കിൽ നടപ്പാക്കാൻ പറ്റാത്തവ ഏതെല്ലാമാണ്?

ഉത്തരം

(എ) പുതിയ കേന്ദ്ര വിദ്യാഭ്യാസ നയം പൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉദിക്കുന്നില്ല.

ഏഴാം പഞ്ചവൽസരപദ്ധതിയിൽ ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ

158 [171] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്ത് ആരംഭിക്കുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly